# VISHVA HINDU PARISHAD

STATE OFFICE: HINDU SAMSKARIKA KENDRAM,
PAVAKKULAM TEMPLE COMPLEX, KALOOR,
KOCHI - 682017, KERALA
PHONE: 0484 2539322, 2539315
E-MAIL: HSKVHP@GMAIL.COM


## അന്നദാനം നിർത്തി ശബരിമലയിൽ അയ്യപ്പന്മാരെ പട്ടിണിക്കിടാൻ സമ്മതിക്കില്ല - വി.എച്ച്.പി.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കെടുകാര്യസ്ഥതമൂലം ശബരിമലയിൽ എത്തിയ അയ്യപ്പന്മാർ ഭക്ഷണം കിട്ടാതെ വലയുന്നു. ദീപാവലി പ്രമാണിച്ച് ഇന്ന് വൈകുന്നേരം നടതുറക്കുമ്പോൾ ദർശനത്തിനായി എത്തിയ അയ്യപ്പന്മാർ അന്നദാന കേന്ദ്രങ്ങൾ അടച്ചിട്ടിരിക്കുന്നതുമൂലം ഭക്ഷണം കിട്ടാതെ വലയുകയാണ്. സന്നിധാനത്തും പമ്പയിലും വലിയ തുക ഈടാക്കി ഹോട്ടലുകാർക്ക് അനുമതി കൊടുത്തിരിക്കുന്ന ദേവസ്വം ബോർഡ് അവരെ വഴിവിട്ട് സഹായിക്കുന്നതിനുവേണ്ടിയാണ് അന്നദാനകേന്ദ്രങ്ങൾ അടപ്പിച്ചത് എന്നുവേണം കരുതാൻ. മണ്ഡലകാലത്തും മകരവിളക്കിനും കൂടാതെ മാസപൂജയ്ക്കും വിശേഷദിവസങ്ങളിലും നടതുറക്കുമ്പോൾ ശബരിമല അയ്യപ്പസേവാ സമാജത്തിന്റെ നേതൃത്വത്തിൽ വർഷങ്ങളായി നടന്നുവന്ന അന്നാദാനമാണ് ദേവസ്വം ബോർഡ് അനുവാദം നൽകാത്തതുകൊണ്ട് ഇപ്പോൾ അടച്ചിട്ടിരിക്കുന്നത്. ശബരിമല അയ്യപ്പസേവാ സമാജം 50,000 പേർക്കും, അഖില ഭാരത അയ്യപ്പസേവാ സംഘം 20,000 പേർക്കും, ശ്രീ ഭൂതനാഥാ ധർമ്മസ്ഥാപനം 10,000 പേർക്കും, തിരുവിതാംകൂർ ദേവസ്വം ബോർഡ് 10,000 പേർക്കും മണ്ഡല മകരവിളക്ക് കാലങ്ങളിൽ ദിവസേന അന്നദാനം നടത്താറുണ്ടായിരുന്നു. നടതുറക്കുന്ന മറ്റ് അവസരങ്ങളിൽ ശബരിമല അയ്യപ്പസേവാ സമാജത്തിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും അന്നദാനം നടന്നു വന്നിരുന്നു. ഹൈക്കോടതിക്ക് മുന്നിൽ അയ്യപ്പ ഭക്തന്മാർക്ക് വേണ്ട അന്നദാനം സ്വയം നടത്താമെന്നേറ്റ ദേവസ്വം ബോർഡ് അതിൽ നിന്നും പിന്മാറിയതുവഴി കോടതിയലക്ഷ്യമാണ് നടത്തിയിരിക്കുന്നത്. ഇത്തരം ഒരു നടപടി ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടായത് സ്വകാര്യ ഹോട്ടൽ മുതലാളിമാരെ സഹായിക്കാൻ വേണ്ടി മാത്രമാണ്. ഇന്ന് സന്നിധാനത്ത് ഒരു ഹോട്ടൽ മാത്രമാണ് തുറന്നിരിക്കുന്നത്. ദീപാവലിക്ക് ദർശനത്തിനായി വന്നുകൊണ്ടിരിക്കുന്ന അയ്യപ്പന്മാർക്ക് എല്ലാവർക്കും ഭക്ഷണം കഴിക്കാൻ ഇത് തീർത്തും അപര്യാപ്തമാണ്. അതുകൊണ്ട് പലരും ഭക്ഷണം കിട്ടതെ വലയുന്ന ദൃശ്യമാണ് ഇന്ന് കാണാൻ കഴിയുന്നത്. മണ്ഡലകാലം ആരംഭിക്കുന്നതിനു മുൻപ് അന്നദാനം സ്വയം ദേവസ്വം ബോർഡ് ആരംഭിക്കുകയും അന്നദാനം നടത്താനായി മറ്റ് സന്നദ്ധസേവാ സംഘടനകളെ അനുവദിക്കുകയും ചെയ്യണം. അമിതമായ തുക ഈടാക്കുന്ന ഹോട്ടലുകളിൽ നിന്നും ഭക്ഷണം കഴിക്കാനായി അയ്യപ്പ ഭക്തന്മാർ നിർബന്ധിതരാകുന്ന പക്ഷം അതിനെതിരെ ശക്തമായ നടപടി വിശ്വഹിന്ദുപരിഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ഇന്ന് അടഞ്ഞുകിടക്കുന്ന അന്നദാന കേന്ദ്രങ്ങളുടെ ചിത്രങ്ങൾ ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വഹിന്ദുപരിഷത്തിനു വേണ്ടി

എസ്. ജെ. ആർ. കുമാർ
സംസ്ഥാന പ്രസിഡന്റ്
Mob. 9388616117

ശബരിമല
09.11.2015